# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3535 — 22.08.2017 - ൽ മറുപടിക്ക്

**ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.കെ.യു. അരുണൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്താണ് ഇതിന് തടസ്സമെന്ന് വ്യക്തമാക്കുമോ; | എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വരുന്നില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്കാണ് സ്ഥാനക്കയറ്റം നൽകുന്നത്. ഇതിനകം തന്നെ 29 സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. തുടർന്നും ഒഴിവുകൾക്കനുസരിച്ച് സ്ഥാനക്കയറ്റം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത സ്ഥാനക്കയറ്റം നടത്തുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II. ഗ്രേഡ് I അനുപാതം ജില്ലകളിൽ പാലിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രൊമോഷനുകളിൽ ഒഴിവുകൾ ഉണ്ടാകുന്നതല്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകൾ എല്ലാംതന്നെ യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. |

Milan

സെക്ഷൻ ഓഫീസർ